"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-2026 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.991/2025/AGRI തീയതി,തിരുവനന്തപുരം, 21-10-2025

---

പരാമർശം:-
1. 25/04/2025 ലെ സ.ഉ. (സാധാ) നം.400/2025/അഗ്രി
2. 20/06/2025 ലെ സ.ഉ. (സാധാ) നം.618/2025/അഗ്രി
3. 25/08/2025 ലെ സ.ഉ. (കൈ) നം.101/2025/അഗ്രി
4. 24/09/2025 ലെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-36 (NP) ശീർഷകത്തിൽ ശമ്പളേതര ഇനത്തിൽ 53.81 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം കമ്മീഷന് ശമ്പളേതര ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 28.79 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ഉത്തരവുകൾ പ്രകാരമുള്ള തുക പൂർണ്ണമായും ചെലവഴിച്ചതിനാൽ, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-36 (NP) ശീർഷകത്തിൽ നിന്നും ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 25,02,000/- രൂപയിൽ നിന്നും ശമ്പളേതര ഇനത്തിൽ 09/25 മുതൽ 10/25 വരെയുള്ള ചെലവുകൾക്ക് 22,64,000/- രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) അനുവദിക്കണമെന്നും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും കടാശ്വാസ കമ്മീഷൻ സെക്രട്ടറി സൂചന (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 09/2025 മുതൽ 10/2025 വരെയുള്ള കാലയളവിലെ ശമ്പളേതര

ചെലവുകൾക്കായി 2401-00-104-86-(01)-36 (NP) ശീർഷകത്തിൽ നിന്നും 9,60,000/- രൂപ (ഒൻപത് ലക്ഷത്തി അറുപതിനായിരം രൂപ) വിതരണം ചെയ്യുന്നതിനും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പിന്റെ 17/10/2025 തീയതിയിലെ 3122769/Agri-C1/78/2025-FIN നമ്പർ റിമാർക്സ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 21-10-2025 16:00:57
സെക്ഷൻ ഓഫീസർ